# 'ദൈവത്തിൻെറ മാലാഖ'യുമായി ജ്യോതിമേനോൻ

ഇന്ത്യൻ ഇംഗ്ലീഷ് സാഹിത്യത്തിൻെറ വിശാല ലോകത്തിലേക്ക് ഒരു മലയാളി എഴുത്തുകാരികൂടി. ദൈവത്തിൻെറ മാലാഖ (The Angel of God) എന്ന നോവലുമായി കോഴിക്കോട് തിരുവണ്ണൂർ സ്വദേശിനി ജ്യോതിമേനോനാണ് ഫിക്ഷൻ സാഹിത്യത്തിൽ വരവറിയിച്ചിരിക്കുന്നത്.

ചെന്നൈയിൽ സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്കിൻെറ ഹ്യൂമൻ റിലേഷൻസ് വിഭാഗം സീനിയർ വൈസ് പ്രസിഡൻറായ ജ്യോതി എഴുത്തിൻെറ ലോകത്തിൽ പക്ഷേ, പുതുമുഖമല്ല. മാനേജ്മെൻറിലെ മാനുഷികതലങ്ങൾ അനാവരണം ചെയ്യുന്ന മീ എ വിന്നർ, ബ്രാൻഡ് വൈസ്, ദ പവർ ഓഫ് ഹ്യൂമൻ റിലേഷൻസ് എന്നീ ഗ്രന്ഥങ്ങൾ ജ്യോതിയെ ശ്രദ്ധേയയാക്കിയിരുന്നു.

ഏഴു വർഷങ്ങളെടുത്താണ് 'ദൈവത്തിൻെറ മാലാഖ' പൂർത്തിയാക്കിയതെന്ന് ജ്യോതി പറഞ്ഞു. മുംബൈയിലെ ധാരാവിയിൽ പിറന്ന് അധോലോകത്തിൻെറ മുടിചൂടാമന്നനായി വളരുന്ന മൂസാഭായിയാണ് നോവലിലെ കഥാപാത്രം. മുംബൈ, മധ്യേഷ്യ, ചെന്നൈ, കോഴിക്കോട് എന്നിവിടങ്ങളിലായി വികസിക്കുന്ന ഈ നോവലിൽ താൻ ക്രൈമിനെ വാഴ്ത്തുകയല്ലെന്നും ജീവിതം മാറ്റിമറിക്കുന്ന നിശ്ചയദാർഢ്യത്തിൻെറയും സമർപ്പണത്തിൻെറയും കഥ പറയുകയാണെന്നും ജ്യോതി വ്യക്തമാക്കി.

ചെന്നൈയിൽ കഴിഞ്ഞ ദിവസം നടന്ന ചടങ്ങിൽ പ്രമുഖ മാനേജ്മെൻറ് വിദഗ്ധ രഞ്ജിനിമണിയൻ നോവൽ പ്രകാശനം ചെയ്തു. മുൻ തമിഴ്നാട് ആരോഗ്യമന്ത്രി ഡോ. എച്ച്.വി. ഹാൻഡെ പുസ്തകം പരിചയപ്പെടുത്തി.



ജ്യോതിമേനോൻ